പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 7379 | 17.7.2012 ന് മറുപടിയ്ക്ക്

ബുക്ക് മാർക്കിന്റെ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.ഹൈബി ഈഡൻ
ശ്രീ.വർക്കല കഹാർ
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.ആർ.ശെൽവരാജ്

മറുപടി
ശ്രീ.കെ.സി.ജോസഫ്
ബഹു.ഗ്രാമവികസനവും
ആസൂത്രണവും സാംസ്കാരികകാര്യവും
വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ബുക്ക് മാർക്കിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) | ബുക്ക് മാർക്കിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി താഴെചേർത്തിരിക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട് :<br>(1)സർക്കാർ സ്ഥാപനങ്ങൾ പുറത്തിറക്കുന്ന ഗ്രന്ഥങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളും ബുക്ക്മാർക്കിലൂടെ മാത്രം വിതരണം ചെയ്യുന്നതിനുള്ള നീക്കം<br>(2)സമ്പൂർണ്ണ കംപ്യൂട്ടർവത്കരണം<br>(3)ഓൺലൈൻ മാർക്കറ്റിംഗ്<br>(4)കൂടുതൽ ശാഖകൾ<br>(5)സഞ്ചരിക്കുന്ന പുസ്തകശാലകളും പുസ്തകമേളകളും സംഘടിപ്പിക്കൽ |
| (ബി) | സംസ്ഥാനത്ത് എവിടെയെല്ലാം ഇതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് അറിയിക്കുമോ;വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കാസർഗോഡ് ഒഴികെയുള്ള എല്ലാ ജില്ലകളിലും ബുക്ക്മാർക്കിന് ശാഖകളുണ്ട്.ഈ സാമ്പത്തിക വർഷം തന്നെ കാസർഗോഡ് ജില്ലയിൽ സ്ഥിരം ശാഖ ആരംഭിക്കുന്നതാണ്.ഇപ്പോൾ അവിടെ സഞ്ചരിക്കുന്ന പുസ്തകശാല പ്രവർത്തിക്കുന്നുണ്ട്.തിരുവനന്തപുരം വി.ജെ.ടി ഹാൾ കോമ്പൗണ്ട്,കൊല്ലം ചിന്നക്കട,തിരുവല്ല മുൻസിപ്പൽ ബസ്സ്റ്റാന്റ്,ആലപ്പുഴ വഴിച്ചേരി ജംഗ്ഷൻ,മാവേലിക്കരയിലെ തട്ടാരമ്പലം ജംഗ്ഷൻ,കോട്ടയം തിരുനക്കര,എറണാകുളം ബോട്ട്ജെട്ടി,തൊടുപുഴ അർച്ചനപ്പടി ജംഗ്ഷൻ,തൃശ്ശൂർ ശക്തൻ ആർക്കേഡ്,പാലക്കാട് മുൻസിപ്പൽ ബസ്സ്റ്റാന്റ്,മഞ്ചേരി പാണ്ടിക്കാട് റോഡ്,കോഴിക്കോട് മാവൂർ റോഡ്,കണ്ണൂർ മുൻസിപ്പൽ ബസ്സ്റ്റാന്റ്,സുൽത്താൻ ബത്തേരി പ്രൈവറ്റ് ബസ്സ്റ്റാന്റ് എന്നിവിടങ്ങളിലാണ് ബുക്ക്മാർക്ക് ശാഖകൾ ഇപ്പോൾ പ്രവർത്തിക്കുന്നത്.മൂന്ന് സഞ്ചരിക്കുന്ന പുസ്തകശാലകൾ ഉത്തരകേരളം,മധ്യകേരളം,ദക്ഷിണകേരളം എന്നിങ്ങനെ മൂന്ന് മേഖലകളിലായി പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ജില്ലാ കേന്ദ്രങ്ങളിലും മറുനാടൻ കേന്ദ്രങ്ങളിലും ഇതിന്റെ ഫ്രാഞ്ചൈസികൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) | കേരളത്തിനുള്ളിൽ ബുക്ക്മാർക്കിന്റെ നേരിട്ടുള്ള ശാഖകളല്ലാതെ ഫ്രാഞ്ചൈസികൾ പ്രോത്സാഹിപ്പിക്കുന്നില്ല. മറുനാടൻ കേന്ദ്രങ്ങളിൽ മലയാള സമാജങ്ങൾ പോലെയുള്ള പ്രസ്ഥാനങ്ങളും മറ്റുമായി സഹകരിച്ച് ഫ്രാഞ്ചൈസികൾക്ക് പദ്ധതികൾ തയ്യാറാക്കിവരുന്നുണ്ട്. ഡൽഹി,മുംബൈ തുടങ്ങിയ സ്ഥലങ്ങളിൽ കേരള ഹൗസിനോടനുബന്ധിച്ച് ശാഖകൾ ആരംഭിക്കുന്നതിന് ബുക്ക്മാർക്കിന് പദ്ധതികളുണ്ട്. |

സെക്ഷൻ ഓഫീസർ